കളക്ടറെ മാറ്റി കളക്ടറാക്കിയാൽ ജില്ലയായി. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ അധികാരവികേന്ദ്രീകരണം ആഗ്രഹിക്കുന്ന നമ്മുടെ റവന്യൂമന്ത്രി ഒറ്റപാലത്തെ ജില്ലയായി പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അദ്ദേഹം പറഞ്ഞത് സബ്കളക്ടറെ അപ്ഗ്രെയ്ഡ് ചെയ്തു കളക്ടറാക്കിയാൽ ജില്ലയായിക്കൊള്ളുമെന്നാണ്. .....(ബഹളം)..... ഇങ്ങനെയുള്ള ധാരാളം ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഒറ്റപ്പെട്ടു പരിശോധിക്കാൻ ബുദ്ധിമുട്ടുണ്ട്. ശ്രീ. കബീർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(3) അട്ടപ്പാടി പ്രദേശത്തെ രജിസ്ട്രേഷൻ നടപടികൾ

ശ്രീ. പി. കുമാരൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അട്ടപ്പാടി എഴുപത്തയ്യായിരത്തിയഞ്ഞൂറോളം ഹെക്ടർ വിസ്തീർണ്ണമുള്ള പ്രദേശമാണ്. ഇരുപത്തയ്യായിരത്തോളം കൃഷിക്കാരായ ആദിവാസികളടക്കമുള്ള കുടികിടപ്പുകാർ ഈ പ്രദേശത്തെ സ്ഥിര താമസക്കാരാണ്. ഈ പ്രദേശത്തെ ഭൂമിയുടെ രജിസ്ട്രേഷൻ ഇപ്പോൾ നടക്കുന്നില്ല. ഇത് മൂലം ഇവിടത്തെ ജനങ്ങളുടെ പൗരാവകാശം തന്നെ നിഷേധിച്ചിരിക്കുന്നു. വനം വകുപ്പ് നിക്ഷിപ്ത വനഭൂമിയിലെ സർവ്വെ പൂർത്തിയാക്കാത്തതും അതിന് ഡിമാർക്കേഷൻ കഴിയാത്തതും ആണ് കാരണം. ഒരു സമയബന്ധിത പരിപാടി തയ്യാറാക്കി ഈ സ്ഥിതിക്ക് മാറ്റമുണ്ടാക്കുവാനുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് വനം രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, രജിസ്ട്രേഷന്റെ കാര്യത്തിൽ ചെറിയ പ്രശ്നമുണ്ട്. നമ്മുടെ സ്വകാര്യ വനങ്ങളെല്ലാം ഏറെറടുത്തതിനുശേഷം അതിർത്തികളെല്ലാം നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഒരേ സർവ്വേ നമ്പറിൽ ആയിരക്കണക്കിനേക്കർ ഭൂമി വരുന്നതുകൊണ്ട് ചില കള്ള പ്രമാണങ്ങൾ നടത്തുമ്പോൾ ഈ ഭൂമി കൂടിയുദ്ദേശിച്ച് നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ഒരു നിയന്ത്രണം മേർപ്പെടുത്താൻവേണ്ടി ഇങ്ങനെയൊരു ഏർപ്പാട് ചെയ്തത്. എത്രയും പെട്ടെന്ന് പുതിയ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി നിക്ഷിപ്ത വനത്തിന് പ്രത്യേകസർവ്വേ കൊടുത്തുകഴിഞ്ഞാൽ, ഈയൊരു സർവ്വേ രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന് രജിസ്റ്റർ ഓഫീസിലേക്ക് നിർദ്ദേശം കൊടുത്താൽ കള്ളപ്രമാണങ്ങൾ തടയാൻ കഴിയും. ഏതായാലും എത്രയും പെട്ടെന്ന് ഇതിന്റെ പ്രവർത്തനം പൂർത്തിയാക്കും. കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പരമാവധി കുറച്ചുകൊണ്ടുവരാൻ ആവശ്യമായ നടപടി ഗവൺമെന്റ് ചെയ്യുന്നതാണ്.

(4) കണ്ണൂരിലെ സെന്റ് ആഞ്ചലോസ് കോട്ടമൈതാനം വെട്ടിമുറിക്കുന്നതു സംബന്ധിച്ച്

ശ്രീ. പി. ഭാസ്കരൻ : സർ, കണ്ണൂരിന്റെ ഹൃദയത്തിന് ബാധിച്ച മാരകമായ ക്യാൻസർ രോഗത്തെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ടിപ്പുസുൽത്താൻ സ്ഥാപിച്ച കണ്ണൂർ സെന്റ് ആഞ്ചലോ കോട്ടയുടെ ഭാഗമായ കോട്ട മൈതാനിയുടെ 9 ഏക്കർ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

സെന്ട്രൽ സ്കൂളിന് പതിച്ചുകൊടുത്തിരിക്കുകയാണ്. ചരിത്രപരമായ രാഷ്ട്രിയ പ്രവർത്തനങ്ങൾ നടന്ന സ്ഥലമാണ് തൊട്ടുകിടക്കുന്ന വിളക്കിൻതറ മൈതാനം. അത് മുഖ്യമന്ത്രിക്ക് നന്നായിട്ടറിയാം. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ നിയമം ലംഘിച്ച് പൊതുയോഗങ്ങൾ ചേർന്നതും പോലീസിന്റെ ലാത്തിക്കും ബയണറ്റിനും വിരിമാറ് കാട്ടി ദേശാഭിമാനികൾ രക്തം ചിന്തിയതുമായ സ്ഥലമാണ് വിളക്കിൻതറ മൈതാനം. അവിടെ രക്തസാക്ഷി മണ്ഡപം പണിയേണ്ടതായിരുന്നു. കേന്ദ്ര ഗവൺമെൻറും സംസ്ഥാന ഗവൺമെൻറും അത് ചെയ്തില്ല. ആ സ്ഥലമാണ് സ്കൂളിനുവേണ്ടി പതിച്ചുകൊടുത്തിട്ടുള്ളത്. 60 കൊല്ലങ്ങൾക്കു മുമ്പ് വിമാനം വന്നിറങ്ങിയ സ്ഥലമാണ് കോട്ടമൈതാനം. ഞാൻ അത് നോക്കിക്കണ്ടവനാണ്. പിന്നീട് അളകപ്പ ചെട്ടിയാരും മദിരാശി മന്ത്രിമാരായ ഗോപാലറെഡ്ഡിയും ചന്ദ്രമൗലിയും അവിടെ വിമാനത്തിൽ വന്നിറങ്ങിയിട്ടുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്രു, ഇന്ദിരാഗാന്ധി, മൊറാർജി ദേശായി, രാജീവ്ഗാന്ധി തുടങ്ങിയ പ്രധാനമന്ത്രിമാരും വി. കെ. കൃഷ്ണമേനോനും വിമാനത്തിലും ഹെലികോപ്റ്ററിലും വന്നിറങ്ങിയതും കോട്ടമൈതാനത്താണ്. ഇവിടെ സംഘടിപ്പിച്ച പല പൊതുയോഗങ്ങളിലും ദേശീയ നേതാക്കൾ പ്രസംഗിച്ചിട്ടുണ്ട്. ഈ സ്ഥലമാണ് സ്കൂളിന് അനുവദിച്ചിട്ടുള്ളത്. ഒളിമ്പ്യൻ ദേശീയകായിക താരങ്ങൾ പരിശീലനം നടത്തിയ സ്ഥലമാണ് കോട്ടമൈതാനം. ക്രിക്കറ് താരമായ മേജർജനറൽ സി. കെ. ലക്ഷ്മണൻ, ഫുട്ബാൾ ഒളിമ്പ്യൻ ഗോളി മുസ്തഫ, ഹോക്കി ഒളിമ്പ്യൻ ഫ്രെഡറിക്, എം. ആർ. സി. ഫുട്ബാൾ ക്യാപ്റ്റൻ ചിതാനന്ദൻ, സർവ്വീസസ് പ്ലേയർ ആൻറണി, ഫുട്ബാൾ മാസ്റ്റർ ഡിക്രൂസ് ഇൻഡ്യയുടെ അഭിമാനതാരങ്ങളായ പി. ടി. ഉഷ, എം. ടി. വൽസമ്മ എന്നിവരും പരിശീലനം നടത്തിയ സ്ഥലമാണ് കോട്ടമൈതാനം. 50 കൊല്ലങ്ങൾക്കു മുമ്പ് ഞാനും ആ മൈതാനത്തിൽവച്ച് ഫുട്ബാളിലും ഹോക്കിയിലും പരിശീലനം നടത്തിയിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് രഞ്ജിത്ട്രോഫിക്കുവേണ്ടി ക്രിക്കറ് മൽസരം സംഘടിപ്പിച്ച സ്ഥലമാണ് കോട്ടമൈതാനം. കണ്ണൂരിന്റെ പ്രകൃതി മനോഹാരിതയും ചരിത്രപരവും രാഷ്ട്രീയപരവും കായിക-വിനോദപരമായ പശ്ചാത്തലവും വെട്ടിമുറിക്കുന്ന ഈ ഹീനമായ നടപടി അവസാനിപ്പിക്കണമെന്നും കണ്ണൂർ പൗരാവലിയുടേയും സ്പോർട്സ് പ്രേമികളുടേയും വികാരം കണക്കിലെടുത്ത് ഇതിന് പരിഹാരം കാണണമെന്നും ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. സെൻട്രൽ സ്കൂളിനുവേണ്ടി 9 ഏക്കർ സ്ഥലം പതിച്ചുകൊടുത്ത ഡിഫൻസ് സെക്യൂരിറ്റി വിഭാഗത്തിന്റെ തീരുമാനം റദ്ദ് ചെയ്യാൻ സമ്മർദ്ദം ചെലുത്തണമെന്നും ജനവികാരം അറിയണമെന്നും മുഖ്യമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കണ്ണൂർ കോട്ട മൈതാനി ഡിഫെൻസ് വകുപ്പിനേറതാണ്. അവരുടെ ആവശ്യത്തിനുവേണ്ടി അവരുടെ നിയന്ത്രണത്തിലാണ്. അവരുടെ കുട്ടികൾക്ക് പഠിക്കുന്നതിനുവേണ്ടി അവിടെ പബ്ലിക് സ്കൂൾ തുടങ്ങാൻ തീരുമാനിച്ചു. പബ്ളിക് സ്കൂളിനുള്ള പണി ആരംഭിച്ചുകഴിഞ്ഞു. ഒരു കെട്ടിടം കെട്ടാൻ വേണ്ടിയുള്ള നടപടികളൊക്കെ തുടർന്നുവരികയാണ്. ആ പ്രദേശത്തിന്റെ പ്രത്യേകതകൾ മനസിലാക്കി നമ്മുടെ ബുദ്ധിമുട്ടുകൾ ഇൻഡ്യാ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ ഡിഫൻസ് മിനിസ്ട്രി ഈ സ്ഥലം വിട്ടുതരാൻ തയ്യാറില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. അതിന് വളരെയധികം പ്രാധാന്യമുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സഹായകരമായ നിലപാടല്ല ഡിഫൻസ് മിനിസ്ട്രി എടുത്തിട്ടുള്ളത്. എന്തായാലും ഒന്നുകൂടി അവരെ സമീപിക്കാം.

LIBRARY ARCHIVES Kerala Legislative Assembly